ബഹുമാനപ്പെട്ട കേന്ദ്രമന്ത്രിയും തിരുവനന്തപുരം എം.പിയുമായ ഡോ.ശശിതരൂർ സമക്ഷം.

തിരുവനന്തപുരം വേളി റെയിൽവേ സ്റ്റേഷനിലെ യാത്ര ക്കാർക്കുവേൺടി പൗൺട്കടവ് കൈരളിനഗർ റസിഡൻ്റ്സ് അസോസിയേ ഷൻ സമർപ്പിക്കുന്ന നിവേദനം.

സർ,

വിക്രം സാരാഭായ് സ്പെയ്സ് സെൻ്ററിന് (VSSC) സമീപത്തായി സ്ഥിതിചെയ്യുന്ന സ്റ്റേഷനാണ് "വേളി റെയിൽവേ സ്റ്റേഷൻ". ഇന്ത്യയുടെ അഭിമാനമായ VSSCയിലെ ജീവനക്കാരുടെ സൗകര്യാർത്ഥമാണ് ഈ സ്റ്റേഷൻ നിലവിൽ വന്നത്. എങ്കിലും, ഇന്ന് ഈ സ്റ്റേഷൻ അവഗണനയുടെ പര്യായമായി നിലകൊള്ളുകയാണ്. തിരുവനന്തപുരത്തിനും കൊല്ലത്തിനുമിട യിൽ പ്ലാറ്റ്ഫാറമില്ലാത്ത ഒരേ ഒരു സ്റ്റേഷൻ വേളി റെയിൽവേ സ്റ്റേഷൻ മാത്ര മാണ്.

VSSC, ഇൻഫോസിസ്, ടെക്നോപാർക്ക് എന്നീ സ്ഥാപനങ്ങളിലേയും അനുബന്ധ സ്ഥാപനങ്ങളിലേയും ജീവനക്കാർ, ഫ്ളാറ്റ് നിർമ്മാണതൊഴിലാളി കൾ, സർക്കാർ ജീവനക്കാർ, വിദ്യാർത്ഥികൾ, മറ്റ് യാത്രക്കാർ എന്നിങ്ങനെ നൂറ് കണക്കിന് യാത്രക്കാരാണ് ദിവസവും ഈ സ്റ്റേഷനിൽ ഇറങ്ങുകയും കയറുകയും ചെയ്യുന്നത്. പ്ലാറ്റ്ഫാറമില്ലാത്തതിനാൽ ട്രെയിനിൽ കയറുന്ന തിനും ഇറങ്ങുന്നതിനും വളരെ അപകടകരമായ ശ്രമമാണ് നടത്തേൺടത്. ട്രെയിൻ നിറുത്തുന്ന ഒരു മിനിട്ട് സമയം കൊ ് സർക്കസ്സിലെന്നപോലെ താഴെ നിന്ന് കമ്പിയിൽ എത്തിപ്പിടിച്ച് മുകളിലേക്ക് വലിഞ്ഞ് കയറുകയും, ട്രെയിനിൽ നിന്ന് താഴേയ്ക്ക് തൂങ്ങി ഇറങ്ങുകയും ചെയ്യുന്നത് വളരെ അപക ടകരമായ പ്രവർത്തിയാണ്. പ്രായമായവരും, സ്ത്രീകളും, കുട്ടികളും വളരെയ ധികം ബുദ്ധിമുട്ടനുഭവിക്കുന്ന കാഴ്ച ദയനീയമാണ്. ഇതുകൊൺടുതന്നെ അനേകം അപകടങ്ങളും, മരണങ്ങളും ഇവിടെ സംഭവിച്ചിട്ടുൺട്.

കൂടാതെ, യാത്രക്കാർക്ക് വിശ്രമിക്കുന്നതിനോ, പ്രാഥമിക ആവശ്യ ങ്ങൾ നിറവേറ്റുന്നതിനോ യാതൊരു സൗകര്യവും ഇവിടെ ഇല്ല. ടിക്കറ്റ് കൗൺടറിനോട് ചേർന്ന് ചെറിയൊരു മുറി പണിതിട്ടുൺട്. അതിന് വാതിലുക ളില്ല. ഇൺട് വശവും തുറന്നുകിടക്കുന്നതിനാൽ രാത്രിസമയത്ത് ഭിക്ഷക്കാരു ടേയും സാമൂ ഹ്യവിരുദ്ധരുടേയും താവളമാണിവിടം. മലമൂത്ര വിസർജ്ജനം നടത്തിയും, മുറുക്കി തുപ്പിയും അതിനകവും പരിസരവും വൃത്തിഹീനമാ ക്കുന്നു.

ഈ സ്റ്റേഷനിൽ ടിക്കറ്റ് വിൽക്കാൻ ഒരു കോൺട്രാക്ടറെയാണ് ഏൽപ്പിച്ചിട്ടുള്ളത്. അദ്ദേഹം ഏതെങ്കിലും ദിവസം ഏതെങ്കിലും സമയം വന്നാൽ ഭാഗ്യം. അതുകൊൺടുതന്നെ, പലപ്പോഴും ഈ സ്റ്റേഷനിൽ നിന്നും യാത്രചെയ്യുന്നവർ ടിക്കറ്റില്ലാതെ യാത്രചെയ്യാൻ നിർബന്ധിതരാകുന്നു. അതു മൂലമുൺടാകുന്ന ബുദ്ധിമുട്ടുകൾക്ക് അവർ കാരണക്കാരാകേൺടതായും

വരുന്നു. സ്റ്റേഷന്റെ പേര് സൂചിപ്പിക്കുന്ന ഒരു ബോർഡ്പോലും സ്റ്റേഷനിൽ സ്ഥാപിച്ചിട്ടില്ല.

പ്ലാറ്റ്ഫാറം, വിശ്രമമുറി, പ്രാഥമിക ആവശ്യങ്ങൾക്കുള്ള സൗകര്യം എന്നിവ നടപ്പിലാക്കുന്നതിനുവേണ്ടി റെയിൽവേ ഡിവിഷണൽ മാനേജർ, എം.എൽ.എ എന്നിവർക്കെല്ലാം പല നിവേദനങ്ങൾ നൽകിയിട്ടും ഒരു നടപടിയും ഉ ാകുന്നില്ല. ഇക്കാര്യങ്ങൾ നേടിയെടുക്കാൻ സമരമാർഗ്ഗങ്ങൾ സ്വീകരിക്കാൻ നാട്ടുകാർ നിർബന്ധിതരായിരിക്കുകയാണ്.

ആയതിനാൽ, ഇക്കാര്യത്തിൽ അങ്ങയുടെ ഇടപെടലും അനുകൂലമായ തീരുമാനവും ഉൺടാകണമെന്ന് നാട്ടുകാർക്കുവേൺടി വിനീതമായി അഭ്യർത്ഥിക്കുന്നു.

പൗൺട്കടവ് സെക്രട്ടറി

5.12.2013 കൈരളി നഗർ റസിഡന്റ്സ് അസോസിയേഷൻ